**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 494**
**29.06.2015 ലെ മറുപടിക്ക്**

അടൂർ നിയോജക മണ്ഡലത്തിലേയ്ക്ക് ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ്.

| ചോദ്യം.<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ്സ് വാങ്ങി നൽകുന്നതിനായി നാളിതുവരെ നൽകിയിട്ടുള്ള പ്രത്യേകാനുമതികളുടെ വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ; | കൊട്ടാരക്കര, ചേർത്തല നിയോജക മണ്ഡലങ്ങളിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ്സ് വാങ്ങി നൽകുന്നതിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | അടൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് ബസ് വാങ്ങാനുള്ള നിർദ്ദേശത്തിന്മേൽ തുടർ നടപടി എടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധനസ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് നിയോജക മണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ബസ്സ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശുപാർശകൾ അനുകൂലമായി പരിഗണിക്കുവാൻ കഴിയില്ല. എം.എൽ.എ മാരുടെ നിരന്തരമായ അഭ്യർത്ഥന പരിഗണിച്ച് സർക്കാർ വിദ്യാലയങ്ങൾക്ക് സ്കൂൾ ബസ്സ് വാങ്ങുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുകയാണ്. |
| (സി) | അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സർക്കാർ സ്കൂളുകളെ നിലനിർത്തുന്നതിന് സഹായകരമായ ഇത്തരം നിർദ്ദേശങ്ങളിൽ തീരുമാനമെടുക്കുവാൻ കാലവിളംബം വരുത്തുന്നതിന്റെ കാരണം അറിയിക്കാമോ; | |
| (ഡി) | അടൂർ നിയോജക മണ്ഡലത്തിൽ നിന്നും പരിഗണനയിലുള്ള ബന്ധപ്പെട്ട ഫയലിന്മേൽ പ്രത്യേകാനുമതി സമയബന്ധിതമായി ലഭ്യമാക്കുമോ? | |

**അക്കൗണ്ട്സ് ഓഫീസർ**